# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 409
## (29.11.2018 ലെ മറുപടിക്ക്)

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി സബ്ട്രഷറി**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ്<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | പഴയങ്ങാടി സബ്ട്രഷറിക്ക വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള പ്രോജക്ട്, ട്രഷറി അടിസ്ഥാന വികസനപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി G.O.(Rt) No. 5721/2017/Fin dated 16.07.2017 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് ട്രഷറിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി കൂടി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയും. |
| (ബി) | പ്രസ്തുത സബ്ട്രഷറിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് G.O.(Rt) No. 8565/2018/ധന തീയതി 16.10.2018 നമ്പർ ഉത്തരവ് പ്രകാരം പുതിയ സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട പ്രസ്തുത സാങ്കേതിക കമ്മിറ്റിയുടെ യോഗം 28.11.2018-ന് കൂടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ യോഗത്തിൽ പഴയങ്ങാടി സബ്ട്രഷറിയുടെ പ്ലാനും എസ്റ്റിമേറ്റും സാങ്കേതികാനുമതിക്കായി സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇൻകെൽ ലിമിറ്റഡുമായി കരാറിലേർപ്പെടുന്നതും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ